**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5197** 31.10.2016-ൽ മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ട്രൈബ്യൂണലിന്റെ പ്രവർത്തനക്ഷമതയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കേസുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ചുള്ള പ്രവർത്തന സൗകര്യം ട്രൈബ്യൂണലിന് ലഭ്യമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഹൈക്കോടതിയിൽ നിന്നും കൈമാറികിട്ടിയ കേസുകളുൾപ്പെടെ 26440 കേസുകൾ നാളിതുവരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. കേസുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ജോലിഭാരം വർദ്ധിക്കുന്നുണ്ട്. |
| (സി) കേസുകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നുണ്ടോയെന്ന കാര്യം വിലയിരുത്താറുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ട്രൈബ്യൂണലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി പ്രവർത്തനം സുഗമമാക്കുന്നതിനായി ട്രൈബ്യൂണലിൽ നിന്നും ലഭിക്കുന്ന ശുപാർശകൾ പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**